**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 467 — 27.09.2011 -ൽ മറുപടിയ്ക്ക്

**കുളത്തൂപ്പുഴ ഔഷധത്തോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.രാജു | | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | കുളത്തൂപ്പുഴ ഔഷധത്തോട്ടത്തിന്റെ പ്രവർത്തനം സജീവമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | കുളത്തൂപ്പുഴ ഔഷധത്തോട്ടത്തിലെ 250 ഓളം വിവിധ ഇനം സസ്യങ്ങൾ നിലവിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സംരക്ഷിച്ചു പരിപാലിച്ചുവരുന്നു. ഇതോടൊപ്പം സ്ക്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ഔഷധതോട്ടം സന്ദർശിക്കുന്നതിനും പ്രകൃതി പഠനക്യാമ്പുകൾ നടത്തുന്നതിനും സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഔഷധ സസ്യത്തോട്ടത്തിന്റെ ചുറ്റും ചെയിൻ ലിങ്ക് ഫെൻസിംഗ് നടത്തി സംരക്ഷിക്കുക, ഔഷധ സസ്യങ്ങളുടെ നഴ്സറി ഉണ്ടാക്കി തൈകൾ വിതരണം ചെയ്യുക, നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ഔഷധത്തോട്ടം തെന്മല ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി വിപുലീകരിക്കുവാനും സന്ദർശകർക്ക് പ്രസ്തുത തോട്ടത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാനും വനം വകുപ്പ് നടപടി സ്വീകരിക്കുമോ ? | ബി) | നിലവിൽ സ്ക്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കുളത്തുപ്പുഴ ഔഷധത്തോട്ടം സന്ദർശിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. തെന്മല ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി വിപുലീകരിക്കുന്നത് സംബന്ധമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ